# ഏലിയാ-സ്ലീവ-മൂശക്കാലം

# രണ്ടാം ഞായർ

## മത്താ. 13, 1-9

**1. മണ്ണിലേക്ക്**

വിത്ത് എന്നത് കൃഷിക്കാരന്റെ ഹൃദയത്തിന്റെ ഒരു ചിന്താണ്, അവന്റ ഹൃദയം തന്നെയാണ്, അവന്റെ സ്വപ്നങ്ങളാണ്.

1. തന്റെ നെഞ്ചിലേക്ക് വീണ വിത്തിനുള്ളിലെ കൃഷിക്കാരന്റെ ഹൃദയസ്പന്ദനം മനസ്സിലാക്കുന്ന ഒരു മൺതരി അതിനെ എങ്ങനെ സ്നേഹത്തോടെ സ്വീകരിക്കാതിരിക്കും.
2. എങ്ങനെ സ്വന്തം നെഞ്ചിന്റെ വാത്സല്യവും ചൂടും ആശ്ലേഷവും നല്കി വളർത്താതിരിക്കും.
3. നൂറു മേനി വിളവു നല്കുമാറ് സ്വയം ക്രമീകൃതമാകാതെ മണ്ണിന്റെ മനസ്സ് അടങ്ങുമോ?
4. വിത്തിന്റെ നന്മയെക്കരുതി രാസമാറ്റങ്ങൾക്കു പോലും വിധേയമാകുന്ന മൺതരിയുടെ നന്മ.

**2. ജീവിതത്തിലേക്ക്**

1. കൃഷിക്കാരൻ ദൈവം തന്നെ
2. വിത്ത് അവന്റ ഹൃദയം തന്നെ, അവന്റെ സ്വപ്നങ്ങളും
3. ഞാനെന്ന മണ്ണിനെ അതിന്റെ സർവ്വ കുറവുകളോടുംകൂടി (പാറപോലെ എനിക്കുള്ള ഹൃദയകാഠിന്യം, അപ്രതീക്ഷിതമായി മുൾച്ചെടിയെപ്പോലെ മുറിവേല്പ്പിക്കുന്ന എന്റെ നാവ്, വഴിയരികുപോലെ എന്നിലുള്ള അലസതകളും

ലക്ഷ്യബോധമില്ലായ്മയും) അംഗീകരിക്കുന്ന കൃഷിക്കാരന്റെ സ്നേഹവും അവന്റെ കരുണയും.

4. എന്റെ നെഞ്ചിലേക്ക് നൂറുമേനിയാക്കാൻ ദൈവം ചേർത്തുവച്ചത് എന്തൊക്കെയാണ്?

   - എന്റെ കുടുംബം
   - എന്റെ ജീവിതപങ്കാളി
   - എന്റെ മക്കൾ
   - എന്റെ മാതാപിതാക്കാൾ
   - എന്റെ കൂടെപ്പിറപ്പുകൾ
   - എന്റെ ജീവിത വ്രതങ്ങൾ

ദൈവമേ, പരിമതികൾക്കുള്ളിൽനിന്നുകൊണ്ട് നീ തന്ന സമ്മാനങ്ങളെ ഹൃദയം കൊണ്ട് ചേർത്തുപിടിക്കാനും നൂറുമേനിയാക്കി രൂപാന്തരപ്പെടുത്താനും എനിക്കു കൃപ നല്കണേ.

**– ഫാ. അജോ രാമച്ചനാട്ട്**